"ഭരണഭാഷ - മാതൃഭാഷ"

നം:-DGE/24617/2025-sports2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **04-12-2025**

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഫെൻസിംഗ് അണ്ടർ 17 (ആൺ/പെൺ) & അണ്ടർ 14 (ആൺ/പെൺ) - സംസ്ഥാനതല സ്കൂൾ ഗെയിംസ് മത്സരങ്ങൾ നടത്തുന്നത് - തുടർനിർദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ് (കൈ) നം 167/2025/GEDN തീയതി 15.10.2025

2. 06.11.2025, 07.11.2025 തീയതികളിലെ സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ യുടെ കത്ത് നം 2348/SGFI/2025-26

*****

67-ാമത് സംസ്ഥാനതല സ്കൂൾ ഗെയിംസ് മത്സരങ്ങളുടെ ഭാഗമായി ഫെൻസിംഗ് അണ്ടർ 17 (ആൺ/പെൺ), അണ്ടർ 14 (ആൺ/പെൺ) മത്സരങ്ങൾ നടത്തുവാൻ സൂചന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2025 ലെ ദേശീയ ഗെയിംസിന്റെ ഭാഗമായുള്ള ഫെൻസിംഗ് അണ്ടർ 17 (ആൺ/പെൺ), അണ്ടർ 14 (ആൺ/പെൺ) ചാമ്പ്യൻഷിപ്പ് യഥാക്രമം 28 ഡിസംബർ മുതൽ 31 ഡിസംബർ വരെയും 22 ഡിസംബർ മുതൽ 25 ഡിസംബർ വരെയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ സമയബന്ധിതമായി ദേശീയ മത്സരങ്ങൾക്ക് ടീമിനെ അയക്കേണ്ടതിനാൽ സബ് ജില്ല, ജില്ല മത്സരങ്ങൾ നടത്തുവാൻ സമയം ഇല്ലാത്ത സാഹചര്യം സംജാതമായിരിക്കുന്നതിനാലാണ് നേരിട്ട് സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ 2025 വർഷത്തെ സംസ്ഥാനതല ഫെൻസിംഗ് അണ്ടർ

17 (ആൺ/പെൺ), അണ്ടർ 14 (ആൺ/പെൺ) ചാമ്പ്യൻഷിപ്പ് 2025 ഡിസംബർ 7 ന് കണ്ണൂർ ജില്ലയിലെ തലശേരി SAI യിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

മത്സരങ്ങളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള കുട്ടികൾ https://sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന എലിജിബിലിറ്റി സെർട്ടിഫിക്കറ്റുകൾ ഡൌൺലോഡ് ചെയ്ത് ആയതിൽ കുട്ടിയുടെ വിശദാംശങ്ങൾ എഴുതി, ഫോട്ടോ പതിപ്പിച്ച്, സ്കൂൾ പ്രധാനാധ്യാപകൻ / പ്രിൻസിപ്പൽ ഫോട്ടോയിലും, എലിജിബിലിറ്റി സെർട്ടിഫിക്കറ്റിലും അറ്റസ്റ്റ് ചെയ്ത്, ആയ്തുമായി വേണം മത്സര ദിവസം രജിസ്ട്രേഷൻവേളയിൽഹാജരാകേണ്ടതാണ്. പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

നിലവിൽ ഫെൻസിംഗ് അണ്ടർ 19 (ആൺ/പെൺ) സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്ത് വിജയികളായ കുട്ടികൾ മേൽ സൂചിപ്പിച്ച കാറ്റഗറി മത്സരങ്ങളിൽ പങ്കെടുക്കേണ്ടതില്ല.

മത്സരങ്ങളുടെ വിശദ വിവരങ്ങളും കൺവീനർമാരുടെ വിവരങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ മത്സര ദിവസം രാവിലെ 6.30 മുതൽ വേദിയിൽ ആരംഭിക്കുന്നതാണ്.

**DETAILS OF REGISTRATION & ACCOMMODATION CONVENORS AND MOBILE NUMBER**

1. ശ്രീ. മുഹമ്മദാലി പി പി - 9447641066
2. ശ്രീ. ജോൺസൺ കെ ജെ - 6282958729
3. ശ്രീ. മുഫ്ലിൽ മുനീർ - 9744033294

**പ്രധാന നിർദേശങ്ങൾ**

1. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം

മാനേജർമാരെ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ നിയമിക്കേണ്ടതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. ആയതിന്റെ ചുമതല അതത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും ആയിരിക്കും.

2. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെൻ്റ കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാകേക്കേണ്ടതാണ്.
3. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
4. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.
5. ടീം മാനേജേഴ്സ് മീറ്റിംഗിൽ എല്ലാ ടീം മാനേജർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
6. അക്കോമഡേഷൻ്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്. മുൻ കാലങ്ങളിൽ വിവിധ മത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അക്കോമഡേഷൻ ഒരുക്കിയ സ്കൂളുകളിൽ കുട്ടികൾ നാശനഷ്ടങ്ങൾ വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർ / എസ്കോർട്ടിംഗ് ടീച്ചർ എന്നിവർ കുട്ടികൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നത് തടയുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ജേഴ്സിയിൽ India, Khelo India, Kerala തുടങ്ങിയ ലേബലുകൾ ഉണ്ടാകാൻ പാടുള്ളതല്ല.

DIRECTORATE OF GENERAL EDUCATION JAGATHY THIRUVANANTHAPURAM-14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

<u>സ്വീകർത്താവ്</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ

1. [illegible] വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.)
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി) (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ) (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.)
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ജില്ലാ സ്പോർട്സ് കോർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. എല്ലാ ആർ.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)